**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1990** **20-06-2024 - ൽ മറുപടിയ്ക്ക്**

**പാലിന്റെ ഗുണനിലവാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. എം. മണി | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | ഇതര സംസ്ഥാനങ്ങളിൽ നിന്നും ഒരു ദിവസം ശരാശരി എത്ര ലിറ്റർ പാൽ കൊണ്ടുവരുന്നു എന്നത് സംബന്ധിച്ച് വിശദാംശം നൽകാമോ; | (എ) | കേരളത്തിലെ സഹകരണ സ്ഥാപനമായ മിൽമ കൂടാതെ മറ്റ് സ്വകാര്യ ഡയറി പ്ലാന്റുകളിലേക്കും അന്യസംസ്ഥാനത്തു നിന്ന് പാൽ എത്തുന്നു. പാറശ്ശാല, ആര്യങ്കാവ്, മീനാക്ഷിപുരം എന്നീ ക്ഷീര വികസന വകുപ്പിന്റെ 3 സ്ഥിരം ചെക്ക്പോസ്റ്റുകൾ വഴി പ്രതിദിനം ശരാശരി 5.5 ലക്ഷം ലിറ്റർ പാൽ അയൽ സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലേക്ക് വരുന്നുണ്ട്.<br><br>മിൽമയുടെ വിൽപ്പനയും സംഭരണവും തമ്മിൽ പ്രതിദിനം ശരാശരി 4 ലക്ഷം ലിറ്റർ പാലിന്റെ കുറവുണ്ട്. മിൽമ ഈ കുറവു വരുന്ന ശരാശരി 4 ലക്ഷം ലിറ്റർ പാൽ പ്രതിദിനം കർണാടക, മഹാരാഷ്ട്ര എന്നീ അയൽ സംസ്ഥാനങ്ങളിൽ നിന്നുമാണ് എത്തിക്കുന്നത്. |
| (ബി) | ഇപ്രകാരം കൊണ്ടുവരുന്ന പാലിൽ വ്യാപകമായി മായം കലർത്താറുണ്ട് എന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) | എങ്കിൽ ഇതു തടയുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം നൽകാമോ; | (സി) | ക്ഷീരവികസന വകുപ്പിന്റെ പാറശ്ശാല, ആര്യങ്കാവ്, മീനാക്ഷിപുരം എന്നീ 3 സ്ഥിരം ചെക്ക്പോസ്റ്റുകളിലൂടെ ഇതര സംസ്ഥാനങ്ങളിൽ നിന്നും വരുന്ന പാൽ ക്ഷീരവികസന വകുപ്പ് പരിശോധിക്കുകയും മായം കലർന്നിട്ടുണ്ടെന്ന് ബോധ്യപ്പെട്ടാൽ അതിന്മേൽ നടപടികൾ സ്വീകരിക്കുന്നതിനുള്ള അധികാരം ക്ഷീരവികസന വകുപ്പിനില്ലാത്തതിനാൽ ആ വിവരം FSSAI യെ അറിയിക്കുകയും ചെയ്യുന്നു.<br><br>പാലിന്റെ ഗുണനിലവാര പരിശോധനയ്ക്ക് വേണ്ട എല്ലാ ആധുനിക സജ്ജീകരണങ്ങളും മിൽമയുടെ ലാബുകളിൽ ഒരുക്കിയിട്ടുണ്ട്. കൂടാതെ, മിൽമയുടെ കീഴിൽ പ്രവർത്തിക്കുന്ന എല്ലാ ഡയറികളും ഐ.എസ്.ഒ. സർട്ടിഫൈഡ് ആണ്. ജി.എം.പി |

| | | | |
|---|---|---|---|
| | | | കൃത്യമായി പാലിക്കുന്ന ഡയറികളെല്ലാം തന്നെ കാര്യക്ഷമമായി പ്രവർത്തിക്കുന്നവയാണ്.<br><br>ഇതര സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലെ മാർക്കറ്റുകളിൽ എത്തിച്ച് വിൽപ്പന നടത്തുന്ന പാലിന്റെ ഗുണനിലവാരം ഉറപ്പാക്കുന്നതിന്റെ ഭാഗമായി ശേഖരിയ്ക്കുന്ന പാൽ സാമ്പിളുകൾ ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള അനലിറ്റിക്കൽ ലാബുകളിലെത്തിച്ച് പരിശോധന നടത്തി ഗുണനിലവാരം ഉറപ്പുവരുത്തുന്നു. National Annual Surveillance Plan പ്രകാരവും, KARSAP ന്റെ ഭാഗമായും പാലിന്റെ സർവ്വയിലൻസ് സാമ്പിളുകൾ ശേഖരിച്ച് പരിശോധനയ്ക്കായി ലബോറട്ടറിയിലേയ്ക്ക് അയച്ച് വരുന്നു.<br><br>അന്യ സംസ്ഥാനങ്ങളിൽ നിന്നും ചെക്ക് പോസ്റ്റുകൾ വഴി കേരളത്തിലേയ്ക്ക് എത്തിയ്ക്കുന്ന പാൽ അതിർത്തിയിൽ തന്നെ പരിശോധിയ്ക്കുന്നതിനുള്ള സ്ഥിരം സംവിധാനം ഭക്ഷ്യസുരക്ഷാ വകുപ്പിന് ഇല്ലെങ്കിൽകൂടിയും, ഗുണനിലവാരം ഉറപ്പാക്കുന്നതിന് അപ്രതീക്ഷിത പരിശോധനകൾ നടത്തുകയും, ഉത്സവ/ആഘോഷ അവസരങ്ങളിൽ സ്പെഷ്യൽ സ്ക്വാഡുകൾ രൂപീകരിച്ച് സഞ്ചരിയ്ക്കുന്ന ഭക്ഷ്യ പരിശോധനാ ലബോറട്ടറികളുടെ സഹായത്തോടെയും (FSW - Food Safety on Wheels) പ്രത്യേക പരിശോധനകളും നടത്തി വരുന്നു. ഇത്തരത്തിൽ നടത്തുന്ന പ്രാഥമിക പരിശോധനകളിൽ പ്രശ്നങ്ങൾ കണ്ടെത്തുന്ന പക്ഷം പ്രസ്തുത പാലിന്റെ കൂടുതൽ സാമ്പിളുകൾ ശേഖരിച്ച് ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ലബോറട്ടറികളിലെത്തിച്ച് പരിശോധന നടത്തി ഗുണനിലവാരം ഉറപ്പ് വരുത്തുന്നു. കൂടാതെ ഉത്സവ കാലങ്ങളിൽ ക്ഷീരവികസന വകുപ്പുമായി ചേർന്ന് സംയുക്ത പരിശോധനകളും നടത്തി വരുന്നു. ഇത്തരത്തിൽ ശേഖരിയ്ക്കുന്ന പാൽ സാമ്പിളുകളുടെ പരിശോധനാ ഫലം Substandard ആയോ Unsafe ആയോ ലഭ്യമാകുന്ന പക്ഷം ഇവർക്കെതിരെ കർശന നിയമനടപടികൾ സ്വീകരിച്ചുവരുന്നു. |
| (ഡി) | പാലിന്റെ ഗുണനിലവാരം കുറഞ്ഞതിന്റെ പേരിൽ ഈ സർക്കാരിന്റെ കാലയളവിൽ എത്ര കേസുകളിൽ നടപടി സ്വീകരിച്ചു; വിശദാംശം നൽകാമോ? | (ഡി) | ഈ സർക്കാർ നിലവിൽ വന്നതിനുശേഷം വിവിധ ബ്രാൻഡുകളിലുള്ള പാലിന്റെ സ്റ്റാറ്റ്യൂട്ടറി സാമ്പിൾ ശേഖരിച്ച് ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള അനലിറ്റിക്കൽ ലാബുകളിൽ ഗുണനിലവാര പരിശോധന നടത്തിയതിന്റെ അടിസ്ഥാനത്തിൽ **19** പ്രോസിക്യൂഷൻ കേസുകളും **18** അഡ്ജ്യൂഡിക്കേഷൻ കേസുകളും വിവിധ കോടതികളിലായി ഫയൽ ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ